(ബി) ദേശസാൽക്കൃത ബാങ്കുകളിൽ നിന്നും ഗവൺമെൻറിന് വൻകിട വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കടം ലഭിക്കാൻ സാദ്ധ്യതയുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ വ്യവസ്ഥകളിൽമേലാണ് അപ്രകാരം കടം കിട്ടുക?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

(എ) പുതുക്കിയ അടങ്കലുകളുടെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 292.61 കോടി രൂപയാണ് ഇതിൽ 21.83 കോടിരൂപ പ്രോവിഡൻറ് ഫണ്ട്, ഇൻഷ്വറൻസ് ഫണ്ട് എന്നിങ്ങനെയുള്ള ഇനങ്ങളിൽപ്പെടുന്ന മുതൽ വയ്ക്കാത്ത കടവും ബാക്കി 270.78 കോടി രൂപ സംസ്ഥാനത്തിന്റെ പൊതുക്കടവുമാണ്.

(ബി, സി) ദേശസാൽക്കൃത ബാങ്കുകിളൽനിന്നും മറും വിവിധ വികസന പദ്ധതികൾക്ക് കടം ലഭിക്കുവാനുള്ള സാദ്ധ്യതയെപ്പറ്റി ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. വിശദവിവരങ്ങൾ വെളിപ്പെടുത്താറായിട്ടില്ല.

മദിരാശി സർവ്വീസ് റൂൾസ് ഓപ്പറുചെയ്ത പോലീസുകാർ

* 212 (743) ശ്രീ സി. കണ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ഇപ്പോഴും മദിരാശി സർവ്വീസ് റൂൾസ് ഓപ്പറു ചെയ്തവർ ജോലിചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങിനെയുള്ളവർ എത്രപേരാണ്;

(സി) മറു സംസ്ഥാനത്തിന്റെ സർവ്വീസു റൂൾസ് അംഗീകരിക്കാൻ ഇടയാക്കിയകാരണങ്ങൾ എന്താണ്;

(ഡി) മദിരാശി സർവ്വീസു റൂൾസ് ബാധകമായവർക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങളിൽ വ്യത്യാസങ്ങളുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണ്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) വിശദവിവരം ശേഖരിച്ചിവരുന്നു.

(സി) ഇവർ മദ്രാസ് സർവ്വീസിൽനിന്നു വന്നവരും മദ്രാസ് റൂൾസ് ഓപ്പറുചെയ്യാൻ അവകാശമുള്ളവരുമാണ്.

(ഡി) ചില്ലറ വ്യത്യാസങ്ങളുണ്ട്.

(ഇ) സർവ്വീസു മാനുവലുകളിൽ ഇതു വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

REPORT OF THE ESTIMATES COMMITTEE

Shri K. C. Vamadevan: Sir, I, Chairman, Estimates Committee present the Second Report of the Committee, 1969-70.

Mr. Speaker: The Report is presented.

LIBRARY ARCHIVES Kerala Legislative Assembly